KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **16.02.2024**

## കേരള ബ്രാൻഡിങ്ങിലൂടെ ഉത്പാദകനെയും ഉപഭോക്താവിനെയും സംരക്ഷിക്കും മന്ത്രി പി. രാജീവ്

**തിരുവനന്തപുരം:** കേരള ബ്രാൻഡിങ്ങിലൂടെ വിപണിയും ഗുണനിലവാരവും ഉറപ്പുവരുത്തി ഉത്പാദകനെയും ഉപഭോക്താവിനെയും സംരക്ഷിക്കുമെന്ന് നിയമ വ്യവസായ കയർ വകുപ്പു മന്ത്രി പി.രാജീവ് വ്യക്തമാക്കി. കേരള ബ്രാൻഡ് പദ്ധതിയ്ക്ക് അപേക്ഷിക്കുന്നതിനായി തയ്യാറാക്കിയ ഓൺലൈൻ പോർട്ടലിന്റെ ഉത്ഘാടനവും ബ്രാൻഡ് ലോഗോയുടെ പ്രകാശനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

കേരളം ലോകമറിയുന്ന ബ്രാൻഡാണ്. വിദ്യാഭ്യാസം, ആരോഗ്യം ഇവയൊക്കെ ലോകനിലവാരത്തിലുള്ളതാണ്. ലോകവിപണിയിൽ കേരളത്തിലെ ഉത്പന്നങ്ങളെ സമർത്ഥമായി വിനിയോഗിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കപ്പെടണം. അതിനു വേണ്ടിയാണ് കേരള ബ്രാൻഡിങ്ങ് ഉൾപ്പെടെയുള്ളവ വ്യവസായ വകുപ്പ് നടപ്പിലാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ ഉത്പാദിപ്പിക്കുന്ന എല്ലാ ഉത്പന്നങ്ങളേയും കേരള ബ്രാൻഡിങ്ങിലേക്ക് കൊണ്ടുവരാനാകും. ഇതിനായി പ്രോട്ടോക്കോളുകൾ രൂപപ്പെടുത്തും. ഹോളോഗ്രാം, ക്യൂ ആർ കോഡ് എന്നിവയിലൂടെ ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വിവരങ്ങൾ ലഭ്യമാക്കും. പടിപടിയായി കേരളത്തിലെ എല്ലാ വെളിച്ചെണ്ണ മില്ലുകളും സർട്ടിഫൈഡ് മില്ലുകളായി മാറ്റാനാണ് ലക്ഷ്യമിടുന്നത്. മനുഷ്യന്റെ രുചികൾക്ക് അനുസരിച്ചാണ് മുൻപ് ഉത്പന്നങ്ങൾ വരുന്നതെങ്കിൽ ഇപ്പോൾ രുചികൾ തന്നെ നിർമ്മിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭക്ഷ്യസംസ്ക്കരണ മേഖലയിലെ കേരളത്തിന്റെ സാധ്യതകളെ ഇതിലൂടെ വിനിയോഗിക്കാനാകും. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഉത്പന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾക്ക് ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ 'മെയ്ഡ് ഇൻ കേരള' എന്ന തനതായ ബ്രാൻഡ് നാമത്തിൽ ഉത്പന്നങ്ങളോ സേവനങ്ങളോ വിപണനം ചെയ്യാൻ കഴിയും. കേരളത്തിലെ ചെറുകിട ഇടത്തരം സൂക്ഷ്മ സംരംഭകരുടെ എണ്ണം വർധിക്കാൻ ഇത് സഹായകയമാകും.

കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങളുടേയും നൽകുന്ന സേവനങ്ങളുടേയും മുഖമുദ്രയാണ് ഉയർന്ന ഗുണനിലവാരം, ധാർമ്മികത തുടങ്ങിയവ. ആഗോള വിപണിയിലെ ഉപഭോക്താക്കൾക്ക് ഇവ പരിചയപ്പെടുത്തുക വഴി കേരള ബ്രാൻഡ് ലോക വിപണിയിൽ സ്ഥാനം പിടിക്കും. കേരളത്തിലെ സംരംഭകർക്കും ആഗോള വിപണിയിലെ ഉപഭോക്താക്കൾക്കും ഇത് ഒരുപോലെ ഗുണപ്രദമാകുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള ഉത്പന്ന നിർമ്മാണം, മുഴുവനായും കേരളത്തിൽ തന്നെ നിർമ്മിക്കുന്നത്, ബാലവേല പ്രോത്സാഹിപ്പിക്കാത്തത്, ലിംഗ/വർഗ/ജാതി വിവേചനമില്ലാതെ പ്രവർത്തിക്കുന്ന ജോലി സ്ഥലങ്ങൾ, പരിസ്ഥിതി സൗഹൃദവും പരിസ്ഥിതി ബോധമുള്ളതുമായ പ്രവർത്തനങ്ങൾ, സുരക്ഷിതവും വൃത്തിയുള്ളതും പുരോഗമനപരവുമായ ജോലിസ്ഥലങ്ങൾ, സാങ്കേതികവിദ്യയിൽ ഊന്നിയ പ്രവർത്തനങ്ങൾ, ഉപഭോക്താക്കൾക്ക് ഉയർന്ന ഗുണനിലവാരമുള്ള ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും ഈ മാനദണ്ഡങ്ങൾ പാലിക്കാൻ പ്രതിജ്ഞാബദ്ധരായ നിർമ്മാതാക്കളുടെ/സേവന ദാതാക്കളുടെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമുള്ള സംവിധാനമായി കേരള ബ്രാൻഡ് പ്രവർത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

ആന്റണി രാജു എംഎൽഎ അധ്യക്ഷനായിരുന്നു.

ഗുണനിലവാരം ഉറപ്പുവരുത്തി കേരള ബ്രാൻഡ് ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുമെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല പറഞ്ഞു. ചടങ്ങിൽ സ്വാഗതം ആശംസിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ബ്രാൻഡിങ്ങ് സാക്ഷ്യപത്രം നൽകുക വഴി ഉപഭോക്താവിന്റെ വിശ്വാസ്യത നേടാനാവും. ഇത് പൊതുവിപണി സാധ്യതകൾ വിപുലമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

ഗുണനിലവാരത്തിനൊപ്പം ഉത്പാദനത്തിലെ ധാർമ്മികതയും ഉയർത്തി പിടിക്കുന്ന നന്മയാകും കേരള ബ്രാൻഡ് സാക്ഷ്യപത്രത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയെന്ന് വ്യവസായ-വാണിജ്യ ഡയറക്ടർ എസ്. ഹരികിഷോർ പറഞ്ഞു. രാജ്യത്താദ്യമായാണ് ഒരു സംസ്ഥാനത്തിന്റെ തനത് ഉത്പന്നം ബ്രാൻഡിങ്ങിലൂടെ ആഗോളവിപണിയിലെത്തുന്നത്. ഇക്കാര്യത്തിൽ സംരംഭകരുടെ അഭിപ്രായങ്ങളും കേൾക്കും. ഇപ്പോൾ വെളിച്ചെണ്ണയുടെ ബ്രാൻഡിങ്ങ് സാക്ഷ്യപത്രത്തിനാണ് അപേക്ഷിക്കാവുന്നത്. മൂന്ന് മാസങ്ങൾക്ക് ശേഷം മറ്റ് ഉത്പന്നങ്ങളുടെ ബ്രാൻഡിങ് സംബന്ധിച്ച പെരുമാറ്റച്ചട്ടം പ്രസിദ്ധീകരിക്കുമെന്നും ഹരികിഷോർ വ്യക്തമാക്കി.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് ഐഎഎസ്, കെ എസ് ഐ ഡി സി എക്സിക്യൂട്ടീവ് ഡയറക്ടർ ആനി ജൂലാ തോമസ് ഐഎഎസ്, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ അജിത്കുമാർ. കെ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കേരള ചെറുകിട വ്യവസായ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ, സിഐഐ കേരള പ്രതിനിധി ജിജിമോൻ ചന്ദ്രൻ, ഫിക്കി കേരള പ്രതിനിധി സാവിയോ മാത്യു എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

www.keralabrand.industry.kerala.gov.in എന്ന പോർട്ടലിൽ സംരംഭങ്ങൾക്ക് കേരള ബ്രാൻഡിനായി അപേക്ഷിക്കാനാകും. ലതീഷ് ലക്ഷ്മണനാണ് കേരള ബ്രാൻഡിങ്ങിന്റെ ലോഗോ ഡിസൈൻ ചെയ്തത്.

**Press Release**

## Kerala Brand will help gain global access for products from state: Minister P Rajeeve

- **Industries Minister unveils Kerala Brand logo, web portal**

**Thiruvananthapuram, Feb. 16:** Minister for Industries, Law and Coir Shri P Rajeeve today unveiled the logo and web portal of the Kerala Brand as part of the ambitious project to tap into the increasing domestic and global demand for a wide range of high-quality products made in Kerala.

The branding initiative will safeguard the interests of both the manufacturers and customers by assuring the quality and authenticity of the products based on well-laid protocols and certification, Shri Rajeeve said while launching the logo and web portal of the Kerala Brand at a function here.

Significantly, the logo of Kerala Brand bears the motto 'Nanma", a Malayalam expression that signifies 'Goodness', the Minister said.

Kerala Brand envisages to project the distinguishing features of products and services bearing Made-in-Kerala imprint to tap into the domestic and global market by highlighting their distinguishing features including quality, authenticity of raw materials and the ethical practices followed in production, the Minister said.

The entrepreneurs who wish to market their products under the Kerala Brand can apply through the dedicated web portal www.keralabrand.industry.kerala.gov.in set up by the Department of Industries and Commerce.

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

Shri Antony Raju MLA presided over the function in which Shri Suman Billa, Principal Secretary Industries, Shri A P M Mohammed Haneesh, Principal Secretary, Industries and Shri S Harikishore, MD KSIDC and Director of Industries and Commerce were also present.

Kerala is already a globally established brand in education and health, which compares well with the standards of the developed nations. Now it is time that high quality products and services from the state made a global impact by marketing them under the unique Kerala Brand, the Minister said.

All major products from the state could be brought under the Kerala Brand step-by-step, ensuring their authenticity, quality and work place ethics. For this, clear-cult protocols will be laid down and digital facilities like hologram and QR Code leveraged to provide all details regarding each and every product, Shri Rajeeve said.

One segment that holds immense scope for Kerala is food products for which there is already an assured market.  Similarly, all coconut oil mills in the state will be certified, the Minister said.

The branding exercise will help strategically position in the market a whole range of products, besides extending support to obtain high quality certification, facilitating e-marketing, extension of incentives under the Industrial Policy and expand market including export promotion.

Helping these products reach out to Malayali diaspora spread across continents is a prime goal of the project.

The Department of Industries and Commerce has laid down clear-cut protocols to allot the Kerala Brand based on strict evaluation of the products.

KSIDC Executive Director Smt Annie Jula Thomas, Shri Santhosh Koshy Thomas, MD KINFRA, Board for Public Sector Transformation Executive Chairman Shri Ajith Kumar, State president of Kerala Small Scale Industries Association Shri A Nisaruddin, CII Kerala representative Shri Jijimon Chandran and FICCI Kerala representative Shri Savio Mathew were also present at the function.

**Ends**